# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


**വാർത്താക്കുറിപ്പ്**

**2024 ജൂലൈ 15**

---

## പ്രൈവറ്റ് രിജസ്ട്രേഷൻ 18 മുതൽ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പ്രൈവറ്റ് രജിസ്ട്രേഷൻ ബിരുദ, ബിരുദാന്തര പ്രോഗ്രാമുകളിലേക്ക് ജൂലൈ 18 മുതൽ ഓൺലൈനിൽ അപേക്ഷിക്കാം.
(പി.ആർ.ഒ/39/604/2024)

## സബ് സെന്ററുകൾ അനുവദിച്ചു

ജൂലൈ 19ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ സിബിസിഎസ് ബിഎ, ബികോം -പ്രൈവറ്റ് രജിസ്ട്രേഷൻ(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, -2017 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷകൾക്ക് സബ് സെന്ററുകൾ അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ജൂലൈ 17 മുതൽ ഹാൾ ടിക്കറ്റുകൾ ലഭിക്കും. വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത കേന്ദ്രങ്ങളിൽനിന്നും ഹാൾ ടിക്കറ്റ് വാങ്ങി അനുവദിക്കപ്പെട്ട കേന്ദ്രങ്ങളിൽ പരീക്ഷ എഴുതണം.
(പി.ആർ.ഒ/39/605/2024)

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.എസ്സി ഫാമിലി ആന്റ് കമ്യൂണിറ്റി സയൻസ്(സിബിസിഎസ്എസ് 2013-2016 അഡ്മിഷൻ മെഴ്സി ചാൻസ് ജനുവരി 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 23ന് കോട്ടയം സി.എം.എസ് കോളജിൽ നടത്തും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

..............................

രണ്ടാം സെമസ്റ്റർ ബിഎ ഇംഗ്ലീഷ് ലിറ്ററേച്ചർ, കമ്യുണിക്കേഷൻ ആന്റ് ജേർണലിസം(ട്രിപ്പിൾ മെയിൻ-മോഡൽ 3 സിബിസിഎസ് പുതിയ സ്കീം 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 18, 19 തീയതികളിൽ അതത് കോളജുകളിൽ നടത്തും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

..............................

നാലാം സെമസ്റ്റർ ബിവോക്-ഇൻഡസ്ട്രിയൽ ഇൻസ്ട്രുമെന്റേഷൻ ആന്റ് ഓട്ടോമേഷൻ(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്- പുതിയ സ്കീം മെയ് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 17ന് കോളജുകളിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/606/2024)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ എംഎസ്സി ക്ലിനിക്കൽ ന്യുട്രീഷ്യൻ ആന്റ് ഡയറ്റെറ്റിക്സ് (ഡിസംബർ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജൂലൈ 27 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/607/2024)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ എംടെക്, എംഎസ്സി പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ജൂലൈ 17ന് സ്പോട്ട് അഡ്മിഷൻ നടത്തും. എംടെക് എനർജി സയൻസ് ആന്റ് ടെക്നോളജി(ജനറൽ മെറിറ്റ്-5), എംഎസ്സി മെറ്റീരിയൽ സയൻസ്(സ്പെഷ്യലൈസേഷൻ ഇൻ എനർജി സയൻസ്-ജനറൽ മെറിറ്റ്-3, എസ്.ടി-2), എംഎസ്സി ഫിസിക്സ്(സ്പെഷ്യലൈസേഷൻ ഇൻ എനർജി സയൻസ് എസ്.ടി-2) എന്നിങ്ങനെയാണ് ഒഴുവുകളുടെ എണ്ണം.

അർഹരായ വിദ്യാർഥികൾ യോഗ്യതാ രേഖകളുമായി രാവിലെ 11.30ന് മുൻപ് വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302, കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്) എത്തണം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ (https://sem.mgu.ac.in/). ഫോൺ-7736997254.

..................

സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെന്റൽ സ്റ്റഡീസിൽ ഗാന്ധിയൻ സ്റ്റഡീസ്, ഡവലപ്മെന്റ് സ്റ്റഡീസ് എംഎ പ്രോഗ്രാമുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഏതെങ്കിലും വിഷയത്തിൽ 45 ശതമാനം മാർക്കോടെ ബിരുദമുള്ളവരെയാണ് പരിഗണിക്കുന്നത്. അർഹരായവർ യോഗ്യതാ രേഖകളുടെ അസ്സലുമായി ജൂലൈ 18ന് മുൻപ് വകുപ്പ് ഓഫീസിൽ നേരിട്ട് എത്തണം. പട്ടിക ജാതി, പട്ടിക വർഗ വിഭാഗങ്ങളിൽ പെട്ട വിദ്യാർഥികൾ ബിരുദം വിജയിച്ചാൽ മതിയാകും. ഫോൺ-0481 2731039.

..................

എം.ജി സർവകലാശാലയിലെ ഇന്റർനാഷണർ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോ ടെക്നോളജിയിൽ എംടെക് പോളിമെർ സയൻസ് ആന്റ് എൻജിനീയറിംഗ് പ്രോഗ്രാമിൽ പട്ടികജാതി, പട്ടികവർഗ വിഭാഗക്കാർക്ക് സംവരണം ചെയ്തവ ഉൾപ്പെടെ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. കൂടുതൽ വിവരങ്ങൾ iiucnn.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

അർഹരായ വിദ്യാർഥികൾ യോഗ്യതാ രേഖകളുടെ അസ്സലുമായി ജൂലൈ 19ന് രാവിലെ 10.30ന് വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302, കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്) എത്തണം. ഫോൺ-8075696733, 9744278352.

.................

സ്കൂൾ ഓഫ് പോളിമെർ സയൻസ് ആന്റ് ടെക്നോളജി നടത്തുന്ന എംഎസ്സി ഇൻഡസ്ട്രിയൽ പോളിമെർ സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിൽ പട്ടികവർഗക്കാർക്കായി സംവരണം ചെയ്യപ്പെട്ടവ ഉൾപ്പെടെ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത സംബന്ധിച്ച വിശദ വിവരങ്ങൾ https://cat.mgu.ac.in/ എന്ന ലിങ്കിൽ.

അർഹരായ വിദ്യാർഥികൾ യോഗ്യതാ രേഖകളുടെ അസ്സലുമായി ജൂലൈ 22ന് ഉച്ചയ്ക്ക് 12.30ന് മുൻപ് വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302, കൺവർജൻസ് അക്കാദമിയ കോംപ്ലകസ്) എത്തണം. ഫോൺ-9562578730, 9400201036.

..................

സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിൽ എംഎസ്സി സ്റ്റാറ്റിസ്റ്റിക്സ്, എംഎസ്സി മാത്തമാറ്റിക്സ് പ്രോഗ്രാമുകളിൽ സംവരണ വിഭാഗങ്ങളിൽ ഉൾപ്പെടെ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. അർഹരായ വിദ്യാർഥികൾ യോഗ്യതാ രേഖകളുടെ അസ്സലുമായി ജൂലൈ 18ന് രാവിലെ 10.30ന് വകുപ്പ് ഓഫീസിൽ എത്തണം. ഫോൺ-8304870247.

..................

ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ നടത്തുന്ന എംഎ ഇൻ കൗൺസലിംഗ് പ്രോഗ്രാമിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഏതെങ്കിലും വിഷയത്തിൽ ഒരു അംഗീകൃത സർവകലാശാലാ ബിരുദമാണ് അടിസ്ഥാന യോഗ്യത. താല്പര്യമുള്ളവർ യോഗ്യതാ രേഖകളുമായി 2024 ജൂലൈ 19-ന് മുൻപ് വകുപ്പിൽ എത്തണം. ഫോൺ-08301000560, 04812733399.

(പി.ആർ.ഒ/39/608/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**